# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2136

**26.03.2013**- ലെ മറുപടിക്ക്

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്ന് സഹകരണ വിദ്യാഭ്യാസ ഫണ്ട്

**ചോദ്യം**

ശ്രീ. സി. കൃഷ്ണൻ

എ) 2013 ജനുവരിയിലെ ഭേദഗതി പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്ന് സഹകരണ വിദ്യാഭ്യാസ ഫണ്ട് ചുരുങ്ങിയത് 1000 രൂപ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

(എ) 19.01.2013 ലെ ജി.ഒ(പി)നം.12/2013/സഹ നമ്പർ ഉത്തരവ് പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ നിന്നും താഴെപറയും പ്രകാരം സഹകരണ വിദ്യാഭ്യാസ ഫണ്ട് ഈടാക്കാൻ 1969 ലെ സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1. എല്ലാ അപ്പക്സ് ഫെഡറേഷനുകളും/ ബാങ്കുകളും, സെൻട്രൽ സൊസൈറ്റികൾ/ ബാങ്കുകൾ, അർബൻ ബാങ്കുകൾ, പ്രാഥമിക വായ്പ സംഘങ്ങൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ (ക്ലാസ് 1, സൂപ്പർ ഗ്രേഡും, സ്പെഷ്യൽ ഗ്രേഡും), പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ. | 5,000 രൂപ |
| 2. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ ബാങ്കുകൾ | |

| | |
|---|---|
| (i) ക്ലാസ് I<br>(ii) ക്ലാസ് II&III<br>(iii) ക്ലാസ് IV | 3,000 രൂപ<br>2,000 രൂപ<br>1,000 രൂപ |
| 3. പ്രാഥമിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ ഒഴികെയുള്ള സംഘങ്ങൾ (സ്കൂൾ സഹകരണ സംഘങ്ങളും പ്രാഥമിക കൺസ്യൂമർ സഹകരണ സ്റ്റോറുകളും ഒഴികെ) | 2,000 രൂപ |

ബി) ഉണ്ടെങ്കിൽ, ചെറിയ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ നൽകുന്നതിനേക്കാൾ (ലാഭത്തിന്റെ 5%) വലിയ തുക നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും ഈടാക്കേണ്ടിവരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംഘങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചാണ് സഹകരണ വിദ്യാഭ്യാസ ഫണ്ട് ഈടാക്കുന്നതിന് നിശ്ചയിച്ചിരിക്കുന്നത്. ചെറിയ ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ നൽകുന്നതിനേക്കാൾ കൂടുതൽ തുക നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ നിന്നും ഈടാക്കേണ്ടി വരുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് കേരള സഹകരണ സംഘം ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ